## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1453** **02.07.2015 ലെ മറുപടി**

**നഴ്സിങ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ**

ചോദ്യം

ശ്രീ. പി.സി ജോർജ്

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | നഴ്സിങ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ; | (എ) | 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്ക് നഴ്സിംഗ് ജോലിക്കായി പോകുന്നവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് വിസ ലഭിച്ച അനേകം നഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2015 മെയ് 1 മുതൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത വ്യവസ്ഥയിൽ മെയ് 30 വരെ ഇളവ് നൽകുകയും ഈ കാലയളവിനുള്ളിൽ വിദേശ ജോലിക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയവർക്ക് വിദേശത്ത് പോകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ 2015 മെയ് 30ന് മുൻപ് വിദേശ ജോലിക്കുള്ള നടപടിക്രമങ്ങൾ നിയമാനുസരണം പൂർത്തിയാക്കി പ്രസ്തുത തീയതിക്ക് മുൻപോ ശേഷമോ വിസ ലഭിച്ചവർക്ക് ഇളവ് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത് സംസ്ഥാനത്തെ നഴ്സുമാരെ ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിവരിക്കുമോ; | (ബി) യും (സി) യും | 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്കുളള ഇന്ത്യൻ നഴ്സുമാരുടെ നിയമനത്തിനായി കേന്ദ്ര സർക്കാർ പുതുതായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ പ്രകാരം വിദേശ രാജ്യത്തെ തൊഴിലുടമ കേന്ദ്രസർക്കാരിന്റെ ഇമൈഗ്രേറ്റ് (emigrate) സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതനുസരിച്ചാണ് നിയമനം നടത്തേണ്ടത്. വിദേശ രാജ്യങ്ങളിലേയ്ക്കുളള റിക്രൂട്ട്മെന്റ് സുതാര്യവും ആക്ഷേപ രഹിതമായും കാര്യക്ഷമമായും നടപ്പിലാക്കുക, കൂടുതൽ പേർക്ക് തൊഴിൽ സാധ്യത ഉറപ്പു വരുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കേന്ദ്ര സർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുളളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതു മൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലാതാക്കാനും ഭീമമായ തുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുളളത്. |
| (സി) | പ്രസ്തുത നഴ്സുമാരെ സുരക്ഷിതരായി വഞ്ചിക്കപ്പെടാതെ വിദേശത്ത് ജോലിക്ക് അയയ്ക്കുവാൻ പുതിയ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ